ഉത്തരം

(എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഈ വർഷം 7193 (ഏഴായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിമൂന്ന്) പേർ ഹജ്ജിന് പോയിരുന്നു.

(ബി) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനം ഔദ്യോഗികമായി അവസാനിച്ചത് 19-3-2000-ൽ ആണ്.

(സി) 9-4-2000 മുതൽ.

(ഡി) എയർ ഇന്ത്യയുടെ വിമാനം തകരാറിൽ ആയിരുന്നതുകൊണ്ട് തീർത്ഥാടകരെ തിരികെ കൊണ്ടുവരുന്നതിനും ഒന്നു രണ്ടു ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

(ഇ) തീർത്ഥാടകർക്ക് താമസിക്കുന്നതിനും പ്രാർത്ഥന നടത്തുന്നതിനും എയർപോർട്ടിൽ തന്നെ സൗകര്യമുണ്ടായിരുന്നു. തീർത്ഥാടകർ എയർപോർട്ടിൽ താമസിച്ചിരുന്ന ദിവസങ്ങളിൽ അവർക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എയർ ഇൻഡ്യയുടെ അധികൃതർ സ്വീകരിച്ചിരുന്നു.

ഈ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ

40(420) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്വകാര്യമേഖലയിൽ ഇതുവരെ എത്ര സ്കൂളുകളും കോളേജുകളും അനുവദിച്ചു ;

(ബി) ഈ കാലഘട്ടത്തിൽ സ്വകാര്യമേഖലയിൽ എത്ര വിദ്യാലയങ്ങളിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചു ;

(സി&ഡി) ഈ ഗവൺമെന്റ് സ്വകാര്യമേഖലയിൽ അനുവദിച്ച സ്കൂളുകൾ, കോളേജുകൾ എന്നിവയിൽ കോർപ്പറേറ്റ് ഗണത്തിൽപ്പെടുന്ന എൻ.എസ്.എസ്., എസ്.എൻ.ഡി.പി., വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾ, എം.ഇ.എസ്. എന്നീ മാനേജുമെന്റുകൾക്ക് എത്ര വീതം അനുവദിച്ചു. മറ്റ് നായർ, ഈഴവ, ക്രിസ്ത്യൻ, മുസ്ലീം മാനേജുമെന്റുകൾ എത്ര സ്കൂളുകളും കോളേജുകളും അനുവദിച്ചു ;

(ഇ) ഈ ഗവൺമെന്റ് സ്വകാര്യമേഖലയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ച സ്കൂളുകളിൽ കോർപ്പറേറ്റ് ഗണത്തിൽപ്പെട്ട എൻ.എസ്.എസ്., എസ്. എൻ. ഡി. പി., എം. ഇ. എസ്. വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾ, എന്നിവയിൽപ്പെടുന്ന മാനേജുമെന്റുകൾക്ക് എത്രവീതമുണ്ട് ;

(എഫ്) ഈ ഗവൺമെന്റ് സ്വകാര്യമേഖലയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ച സ്കൂളുകളിൽ നായർ. ഈഴവ, മുസ്ലീം, ക്രിസ്ത്യൻ, വിഭാഗത്തിൽപ്പെട്ടവർ നടത്തുന്ന സ്കൂളുകൾ എത്രവീതമുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 15 സ്കൂളുകൾ അനുവദിക്കുകയും ഒരു സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. കോളേജുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി) സ്വകാര്യമേഖലയിൽ 440 സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചു.

(സി&ഡി) സ്കൂളുകൾ

എൻ.എസ്.എസ്.	ഇല്ല.
എസ്. എൻ. ഡി. പി	4
ക്രിസ്ത്യൻ	6
എം. ഇ. എസ്.	5

ക്രിസ്ത്യൻ മാനേജുമെന്റിൽ ഒരു സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു.

കോളേജുകൾ അനുവദിച്ചിട്ടില്ല. പ്ലസ് ടു സ്കൂളുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

ദിനേ വിദ്യാഭ്യാസ സമ്പ്രദായം

41(421) ശ്രീ. രാജു എബ്രഹാം :
ശ്രീമതി എൻ. കെ. രാധ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒൻപതാം ക്ലാസുമുതൽ പ്ലസ് ടു തലം ദിനേ വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ;

(ബി) എങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രത്യേകതകളും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിദ്യാഭ്യാസ രീതി സംസ്ഥാനത്ത് ഏത് അദ്ധ്യയന വർഷം മുതൽ നടപ്പാക്കാനാണ് ലക്ഷ്യം വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ദിനേ വിദ്യാഭ്യാസ രീതിയെ സംബന്ധിച്ച് എൻ.സി.ഇ.ആർ.ടി. യുടെ വിദഗ്ദ്ധ അഭിപ്രായമെന്തെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly